**File No.TCPCTP/3204/2019-D1**

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം – വയനാട് ജില്ല – കൽപ്പറ്റ നഗരസഭ – കൽപ്പറ്റ വില്ലേജ് – **പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം** – ലേ – ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൽപ്പറ്റ നഗരസഭാ സെക്രട്ടറിയുടെ 9.12.19–ലെ ബി.എ.283/19 നമ്പർ കത്ത്

2. വയനാട് ടൗൺ പ്ലാനറുടെ 19.12.2019 – ലെ TCPWYD/918/2019–C നമ്പർ കത്ത്.

==========================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നം. **TCPCTP/3204/2019–D1** തീയതി: **07/01/2020**

==========================================================================

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭാ പരിധിയിലുള്ള കൽപ്പറ്റ വില്ലേജിൽ, റീ സർവ്വേ നം. 7/2, 3, 10, 11, 12, 34 – എന്നിവയിൽപ്പെട്ട 0.3015 ഹെക്ടർ സ്ഥലത്ത് നിന്ന് ലീസിനെടുത്ത 0.0899 ഹെക്ടർ സ്ഥലത്ത് 182.49 ച.മീ വിസ്തീർണ്ണമുള്ള (sales building 22.49 ച.മീ + Canopy 160 ച.മീ) Group-I Occupancy ൽ പ്പെട്ട പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സണ്ണിജോൺ & കെ.യു കുഞ്ഞപ്പൻ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ. എം ബി.ആർ 1999 – നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ – ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.എം.ബി.ആർ 1999 ലേയും തുടർന്നുള്ള ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ്പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. നിർമ്മാണ സ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.
4. മാലിന്യ നിർമ്മാർജ്ജനത്തിനും, മലിനജല സംസ്കരണത്തിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും മലിനജല സംഭരണം – സംസ്കരണം – പുനരുപയോഗം എന്നിവയ്ക്ക് നിർമ്മാണ സ്ഥലത്തു തന്നെ ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
5. നിർമ്മാണത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ഫയർഫോഴ്സ്, എക്സ്പ്ലോസീവ് വകുപ്പ് എന്നിവരിൽ നിന്നുള്ള നിരാക്ഷേപപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
6. നിർമ്മാണത്തോട് അനുബന്ധിച്ചുള്ള മണ്ണുകഴിക്കൽ , ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ അനുമതികൾ ലഭ്യമാക്കിയിരിക്കേണ്ടതാണ്.
7. നിർമ്മാണ സ്ഥലത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്ലാനുകളിൽ കാണിച്ചിരിക്കുന്നവിധത്തിൽ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
8. നിർമ്മാണത്തോട് അനുബന്ധിച്ച് ചട്ടപ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
9. Surface drainage ന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.

10. ഭൂഗർഭ ടാങ്കിന്റെ നിർമ്മാണം 1976 ലെ കേരള പെട്രോളിയം റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
11. നിർമ്മാണ സ്ഥലത്ത് ഹരിതാഭ നിലനിർത്തുന്നതിലേക്കായി ഉചിതമായ മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്.
12. ജില്ലയിൽ പെട്രോൾ പമ്പുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം നിർമ്മാണം.
13. വിവിധ എൻ.ഒ.സി. കളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിച്ചിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നം. 2/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി
കൽപ്പറ്റ നഗരസഭ, വയനാട് - 673121

പകർപ്പ്:- 1. ശ്രീ. സണ്ണിജോൺ & കെ.യു കുഞ്ഞപ്പൻ,
പൊയ്യനിയിൽ, കന്നുംപുറത്ത് ഹൗസ്,
പാടിച്ചിറ. പി.ഒ., മുള്ളൻകൊല്ലി പി.ഒ.
വയനാട്. വയനാട്

2. ടൗൺ പ്ലാനർ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Ba/06.01.2020